കെ.എസ്.ആർ.ടി.സി.-യിലെ താൽക്കാലിക ജീവനക്കാർ

96 [1302] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.-യിൽ താൽക്കാലിക ജീവനക്കാരായി എത്രപേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട് ; തസ്തിക തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

6691 പേർ ജോലി ചെയ്യുന്നു. ഇവരിൽ 2605 പേർ ഡ്രൈവർമാരാണ്. ഡ്രൈവറുടെ പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതിനാലാണ് ഇവരെ ദിവസ വേതനത്തിൽ നിയമിച്ചിട്ടുള്ളത്. ബാക്കിയുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരം ജീവനക്കാർ അവധി എടുക്കുന്ന അവസരത്തിൽ സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കുന്നതിനായും വർക്ക് ഷോപ്പുകളിലെ അത്യാവശ്യ ജോലികൾക്കുമായി ദിവസക്കൂലി അടിസ്ഥാനത്തിൽ ഓരോ ദിവസത്തെ ആവശ്യപ്രകാരം ജോലി ചെയ്യിക്കുകയാണ് ചെയ്യുന്നത്. പി. എസ്. സി. അഡ്വൈസ് ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഇവരെ ജോലിയിൽ നിന്ന് ഒഴിവാക്കുന്നുണ്ട്.

കണ്ടക്ടർ	..	2979
ഡ്രൈവർ	..	2605
ബ്ലാക്ക് സ്മിത്ത്	..	102
മെക്കാനിക്	..	496
ടയർ റീട്രേയ്ഡർ	..	17
വെൽഡർ	..	21
വർക്ക് അസിസ്റ്റന്റ്	..	419
വർക്ക് അസിസ്റ്റന്റ് (ഇലക്ട്രിഷ്യൻ)	..	52
	ആകെ	6691

തവനൂരാനത്തെ ഗതാഗത സംവിധാനം

97 [1303] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തവനൂരാന നഗരത്തിലെ പൊതു ഗതാഗത സംവിധാനം വളരെ മോശമാണെന്ന് എൻ.എ.എസ്.സി.ഒ.എം. എന്ന സംഘടന നടത്തിയ പഠനത്തിൽ കണ്ടെത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly